മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 നവംബർ 11

# വാർത്താക്കുറിപ്പ്

---

## എം.ജി. സർവകലാശാലയിൽ ദേശീയ സെമിനാർ ഇന്ന്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാൻറ് സയൻസ് ടെക്നോളജി(എൻ.ഐ.പി.എസ്.ടി), സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസ്(എസ്.ഇ.എസ്), കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ മറൈൻ ബയോളജി, മൈക്രോബയോളജി, ബയോകെമിസ്ട്രി വിഭാഗങ്ങൾ എന്നിവ സംയുക്തമായി സംഘടിപ്പിക്കുന്ന ദേശീയ സെമിനാർ ഇന്ന് നടക്കും.

അമേരിക്കൻ സൊസൈറ്റി ഫോർ മൈക്രോബയോളജി(എ.എസ്.എം)യുടെ സ്പോൺസർഷിപ്പോടെ മൈക്രോ റെലംസ്-2022 എന്ന പേരിൽ നടത്തുന്ന പരിപാടി എം.ജി. സർവകലാശാലാ കൺവർജൻസ് അക്കാദമിയ കോംപ്ലക്സില് രാവിലെ 9.30ന് വൈസ് ചാന്സലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും.

ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ ശിൽപ്പ വി. കുമാർ മുഖ്യാതിഥിയായി പങ്കെടുക്കും. എ.എസ്.എം കൺട്രി അംബാസഡർ ഡോ. എ.എ. മുഹമ്മദ് ഹാത്ത, സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ, എൻ.ഐ.പി.എസ്.ടി ഡയറക്ടർ ഡോ. എം.ഡി. ജിഷ, എസ്.ഇ.എസ് ഡയറക്ടർ ഡോ. കെ.ആർ. ബിജു എന്നിവർ സംസാരിക്കും.

വിവിധ സെഷനുകളിൽ കേരള സർവകലാശാല ബോട്ടണി വിഭാഗം അധ്യാപകൻ ഡോ. എസ്. ഷിബുരാജ്, റബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ പ്രിൻസിപ്പൽ സയൻറിസ്റ്റ് ഡോ.ബിന്ദു റോയ് തുടങ്ങിയവർ പ്രഭാഷണം നടത്തും.
(പി.ആർ.ഒ./39/1615/2022)
....................

## അഴിമതി വിരുദ്ധ ബോധവത്കരണ പരിപാടി ഇന്ന്

മഹാത്മാ ഗാന്ധി സർവകലാശാലാ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിലുള്ള അഴിമതി വിരുദ്ധ ബോധവത്കരണ പരിപാടി ഇന്ന്(നവംബർ 14) സർവകലാശാലാ അസംബ്ലി ഹാളിൽ നടക്കും. ബോധവത്കരണ

നാടകാവതരണവും വിജിലൻസ് ഓഫീസർമാരുമായുള്ള സംവാദവും പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.

ഉച്ചകഴിഞ്ഞ് 2.30ന് വൈസ് ചാന്സലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും. വിജിലൻസ് എസ്.പി. വി.ജി. വിനോദ്കുമാർ മുഖ്യ പ്രഭാഷണം നടത്തും.

സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ, പ്രോ വൈസ് ചാന്സലർ ഡോ. സി.ടി. അരവിന്ദകുമാർ, പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, ജോയിന്റ് രജിസ്ട്രാർ ബാബുരാജ് എ. വാര്യർ, സർവകലാശാലാ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ മേധാവി ഡോ. രാജേഷ് മണി എന്നിവർ സംസാരിക്കും.
(പി.ആർ.ഒ./39/1616/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**